**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 402** **01-11-2021 - ൽ മറുപടിയ്ക്ക്**

**മലയാളത്തിളക്കം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വിജിൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രീ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷ പഠനം നിർബന്ധവും മെച്ചപ്പെട്ടതുമാക്കാനായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; മലയാളത്തിളക്കം പദ്ധതി എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മാതൃഭാഷാപഠനം നിർബന്ധവും മെച്ചപ്പെട്ടതുമാക്കാനായി 'മലയാളത്തിളക്കം' , 'ശ്രദ്ധ' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾ മലയാളം പഠിക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2016-17 വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് മലയാളത്തിളക്കം. മാതൃഭാഷയിൽ അടിസ്ഥാന ഭാഷാശേഷി ഉറപ്പുവരുത്തുന്നതിനും എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിയുന്നവരാക്കി മാറ്റുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണിത്. ഇതിനായി മികച്ച കൈപ്പുസ്തകങ്ങൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകളിലെത്തിക്കുകയും എല്ലാ അദ്ധ്യാപകർക്കും പ്രത്യേക പരിശീലനങ്ങളും നൽകുകയും എഴുതാനും വായിക്കാനും പ്രയാസമനുഭവപ്പെടുന്ന കുട്ടികളെ പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തി 20 കുട്ടികൾ വീതമുള്ള ബാച്ചുകളാക്കി പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം ക്ലാസ്സുകൾ നൽകി വരുന്നു. സംസ്ഥാനത്ത് പ്രീ പ്രൈമറിതലം മുതൽ ഹയർ സെക്കന്ററിതലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഹയർ സെക്കന്ററി തലത്തിൽ മാതൃഭാഷാ ഐച്ഛിക വിഷയമാണ്. വി.എച്ച്.എസ്.ഇ പാഠ്യപദ്ധതിയിൽ മലയാളം ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കുന്നില്ല. എന്നാൽ പാഠ്യപദ്ധതിയിലുള്ള എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിക്കുന്നതിനും പരീക്ഷ എഴുതുന്നതിനും സൗകര്യമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബന്ധ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷ പഠനം മെച്ചപ്പെടുത്താൻ പ്രത്യേകമായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; റെലിഷ് ഇംഗ്ലീഷ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഹലോ ഇംഗ്ലീഷ് - പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി 2016-17 വർഷം മുതൽ സമഗ്രശിക്ഷാ കേരള വഴി നടപ്പിലാക്കിയ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്'. ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിലെ കുട്ടികൾക്കാണ് ഈ പരിപാടി നടപ്പാക്കിയത്. എല്ലാ കുട്ടികളിലും ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാനശേഷികൾ വികസിപ്പിക്കുന്നതിന് ലക്ഷ്യംവച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. ഹലോ വേൾഡ് - ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാപഠനം രസകരവും എളുപ്പവുമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ 'ഹലോ ഇംഗ്ലീഷ്' പദ്ധതി , കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മാധ്യമങ്ങളുടെ സഹായത്തോടെ പഠിക്കുന്നതിന് " ഹലോ വേൾഡ്" എന്ന പഠന പാക്കേജ് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. ഇ-ക്യൂബ് ഇംഗ്ലീഷ് - ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും കൂടുതൽ അവസരമുണ്ടാക്കുന്ന പരിപാടിയാണിത്. കൈറ്റ് (KITE) മുഖാന്തിരം നടപ്പിലാക്കിയ പദ്ധതിയാണ് ഇ-ക്യൂബ് ഇംഗ്ലീഷ് . സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലാണ് റെലിഷ് ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കിയത്. ഇംഗ്ലീഷ് ഭാഷയിലുള്ള ആശയ വിനിമയ ശേഷി ഉയർത്തുകയാണ് ലക്ഷ്യം. ഇംഗ്ലീഷ് അനായാസേനയും ഒഴുക്കോടെയും സംസാരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് 'റെലിഷ് ഇംഗ്ലീഷ്' എന്ന പദ്ധതിയുടെ ലക്ഷ്യം. പ്രാദേശികമായതും കുട്ടികൾക്ക് ഇഷ്ടപ്പെട്ടതുമായ പഠനാനുഭവങ്ങൾ നൽകി അവർക്ക് ഭയരഹിതമായ അന്തരീക്ഷത്തിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്. പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും സ്വാഭാവികമായ ഇംഗ്ലീഷ് ഭാഷാ സംസാരശേഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ